മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

(സംഗ്രഹം)

ബി.ആർക്ക് - പരിഷ്കരിച്ച റഗുലേഷൻ വ്യവസ്ഥകൾ 2019-20 അദ്ധ്യയനവർഷം മുതൽ നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച ബോർഡ് ഓഫ് സ്റ്റഡീസിൻെറ ശുപാർശകൾ - അംഗീകരിച്ച് ഉത്തരവാകുന്നു.

---

അക്കാദമിക് വിഭാഗം

സ.ഉ.നം. 532/എIV/01/2020/അക്കാദമിക് തീയതി, പി.ഡി. ഹിത്സ്, 20.03.2020

---

പരാമർശം:- 1. സ.ഉ.നം. 158/എIV/01/2020/അക്കാദമിക് തീയതി 14.01.2020.
2. 22.01.2020 -ന് കൂടിയ ബോർഡ് ഓഫ് സ്റ്റഡീസ് യോഗത്തിൻെറ മിനിറ്റ്സ് .

**ഉത്തരവ്**

പരാമർശം (1) സർവ്വകലാശാല ഉത്തരവ് പ്രകാരം സർവ്വകലാശാലയുടെ കീഴിൽ നടത്തപ്പെടുന്ന ബി.ആർക്ക് കോഴ്സിൻെറ സ്കീം & സിലബസ് 2019-20 അദ്ധ്യയനവർഷം മുതൽ പരിഷ്കരിച്ച് നടപ്പിൽ വരുത്തിയിട്ടുള്ളതാണ്. എന്നാൽ അനുബന്ധ റഗുലേഷൻ വ്യവസ്ഥകളിൽ ചില അവ്യക്തതകൾ ഉണ്ടായിരുന്നതിനാൽ ആയത് അംഗീകരിച്ചിരുന്നില്ല. നിർദ്ദിഷ്ട റഗുലേഷൻ വ്യവസ്ഥകളിൽ 'Semester Exchange Programme' ഉൾക്കൊള്ളുന്ന Clause No. 7 ഒഴിവാക്കിക്കൊണ്ടും CGPA-യെ ശതമാനത്തിലേയ്ക്ക് മാറ്റുന്നതിനായി CGPA x 10 എന്ന ഫോർമുല ഉൾക്കൊള്ളിച്ചു കൊണ്ടും ടി റഗുലേഷൻ വ്യവസ്ഥകൾ അംഗീകരിക്കാവുന്നതാണെന്ന് പരാമർശം (2) പ്രകാരം കൂടിയ ബോർഡ് ഓഫ് സ്റ്റഡീസ് അംഗങ്ങളുടെ യോഗം ശുപാർശ ചെയ്യുകയുണ്ടായി.

പ്രസ്തുത ബോർഡ് ഓഫ് സ്റ്റഡീസ് ശുപാർശപ്രകാരം, 2019 മുതൽ നടപ്പിലാക്കേണ്ട ബി. ആർക്ക് കോഴ്സ് റഗുലേഷൻ വ്യവസ്ഥകൾ 1985-ലെ മഹാത്മാഗാന്ധി സർവ്വകലാശാല നിയമം അദ്ധ്യായം 3.10 (17) പ്രകാരം അക്കാഡമിക് കൗൺസിലിൻെറ അധികാരം വിനിയോഗിച്ച് ബഹു: വൈസ്-ചാൻസിലർ ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ജെസ്സി ജോൺ
അസിസ്റ്റൻറ് രജിസ്ട്രാർ (II) അക്കാദമിക്
രജിസ്ട്രാർക്കുവേണ്ടി.

പകർപ്പ്:

1. വൈസ്-ചാൻസിലറുടെ/ പ്രോ-വൈസ്-ചാൻസിലറുടെ പി.എസ് മാർ
2. രജിസ്ട്രാറുടെ/ പരീക്ഷാ കൺട്രോളറുടെ പി.എ. മാർ
3. ബോർഡ് ഓഫ് സ്റ്റഡീസ്, ചെയർമാൻ & അംഗങ്ങൾ
4. പ്രിൻസിപ്പാൾ (ബന്ധപ്പെട്ട കോളേജുകൾ)
5. ജെ.ആർ/ഡി.ആർ./എ.ആർ (പരീക്ഷ/അക്കാദമിക്)
6. ഇ.ഐ XXXII, എസി.സി. I/II, പി.ആർ.ഒ/ഇ.ബി. സെക്ഷനുകൾ
7. കണ്ടെൻറ് മാനേജ്മെൻറ് സെക്ഷൻ. റെക്കോർഡ് സെക്ഷൻ
8. ഫയൽ കോപ്പി/സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

ഫയൽ നം. Ac.AIV/01/B.Arch/Syllabus Revision//2019

സെക്ഷൻ ഓഫീസർ